(ബി) സ്പെഷ്യൽ ഇക്കണോമിക് സോണിന് പുറത്ത് എത്ര ഏക്കർ ഭൂമി സ്മാർട്ട്സിറ്റിക്കുവേണ്ടി കൈമാറ്റം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഫെബ്രുവരി രണ്ടിന് ഒപ്പുവച്ച സ്മാർട്ട്സിറ്റി കരാറിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് ;

(ഡി) പ്രസ്തുത കരാറിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ-ഡി) കേരള സർക്കാരുംTECOM FZ-LLC-യുമായി 13-5-2007-ലാണ് പ്രൊയിംവർക്ക് എഗ്രിമെന്റ് ഒപ്പുവച്ചത്. ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്ററിന്റെ ഗവർണറും ദുബായ് സർക്കാരിന്റെ സുപ്രീം ഫിസ്കൽ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി അംഗവുമായ ശ്രീ. അഹമ്മദ് അൽ താഹറിന്റെ നേതൃത്വത്തിലുള്ള ഡെലിഗേഷനുമായി 2-2-1011-ൽ മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ മിനിട്സ് അനുബന്ധമായി വച്ചിരിക്കുന്നു.* (എ).(ബി) ചോദ്യങ്ങൾക്കുള്ള മറുപടി ഈ മിനിട്സിൽ നിന്ന് വ്യക്തമാണ്.

ടെക്നോ ലോഡ്ജുകളിലൂടെ തൊഴിലവസരം

76(1331) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എവിടെയൊക്കെ ടെക്നോ ലോഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ട് ;

(ബി) ടെക്നോ ലോഡ്ജുകളുടെ പ്രവർത്തനം ഇനി എവിടെയൊക്കെ ആരംഭിക്കാനുണ്ട് ;

(സി) ഈ ടെക്നോ ലോഡ്ജുകളിലൂടെ എത്ര പേർക്കാണ് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ കടയ്ക്കലും പെരിനാടും ടെക്നോ ലോഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയ 9 ഇടങ്ങളിൽ കൂടി ആരംഭിക്കാനുണ്ട്. ഇതിൽ കൊല്ലം ജില്ലയിലെ വെളിയത്തോയും എറണാകുളം ജില്ലയിലെ തിരുമാറാടിയിലേയും കെട്ടിട സജ്ജീകരണം പൂർത്തിയായിട്ടുണ്ട്. കൊല്ലം ജില്ലയിലെ തന്നെ അഞ്ചൽ, പത്തനാപുരം, പുനക്കുളം, ഇടുക്കി ജില്ലയിലെ കരിങ്കുന്നം, തൃശ്ശൂർ ജില്ലയിലെ കൊടകര, വെള്ളൂർ, കണ്ണൂർ ജില്ലയിലെ മയ്യിൽ എന്നിവിടങ്ങളിലും പദ്ധതി ആരംഭിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.

(സി) ഓരോ ടെക്നോലോഡ്ജിലൂടെയും 50-നും 100-നുമിടയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly